# ചേകന്നൂർ
# ഇസ്‌ലാമിൻെറ ശത്രുതന്നെ

കെ. ഉമർ മൗലവി

സൽസബീൽ, ജൂൺ 1993

കുറേകാലം മുജാഹിദ് വേഷം കെട്ടി നമ്മോടൊത്ത് പ്രവർത്തിച്ചിട്ടുണ്ട് ഇദ്ദേഹം. ഞാൻ പലപരിപാടികളിലും അദ്ദേഹത്തോടൊപ്പം പങ്കെടുത്തിട്ടുണ്ട്. ജാമിഅഃ നദവിയ്യ (എടവണ്ണ) യിൽ അദ്ധ്യാപകനായി കുറേനാൾ ചേകന്നൂർ ഉണ്ടായിരുന്നു.

അക്കാലത്ത് ഒരു പുതിയവാദം അദ്ദേഹം പുറപ്പെടുവിച്ചു. രണ്ടുസാക്ഷികൾ ഉള്ള ഹദീസുകൾ മാത്രമേ സ്വീകരിക്കാവൂ. ഒരു സാക്ഷി മാത്രമാണെങ്കിൽ തള്ളേണ്ടതാണ് ഇതായിരുന്നു വാദം.

പ്രത്യക്ഷ്യത്തിൽ നിരാക്ഷേപമായി തോന്നാവുന്ന ഈ നവീനവാദം സുഹൃത്തുക്കൾക്കിടയിൽ പരുത്തുന്നതുകണ്ടപ്പോൾ അദ്ദേഹത്തിനു തൻെറ വാദമുഖം തെളിയിക്കാൻ കേരള ജംഇയ്യത്തുൽ ഉലമാ ഒരു വേദിയുണ്ടാക്കിക്കൊടുത്തു. അന്ന് ഈ വിനീതനായിരുന്നു ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡൻറ്.

1967ൽ കോഴിക്കോട് ടൗൺഹാളിൽ ഒരു പണ്ഡിതസെമിനാർ സംഘടിപ്പിച്ചു. ചേകന്നൂർ മൗലവി ഈ വിഷയം സംബന്ധിച്ച് ഒരു നീണ്ട പ്രബന്ധം അവതരിപ്പിച്ചു. രണ്ടു സാക്ഷി വേണമെന്നില്ല, ഒന്നുമതി എന്ന വിഷയം തെളിയിച്ചുകൊണ്ടു ഇ: എൻ. കെ. അഹ്മദ് മൗലവിയും പ്രബന്ധം അവതരിപ്പിച്ചു. സാക്ഷി എന്നുപറഞ്ഞതിൽ അവ്യക്തവുമായ ഒരു ദുസ്സൂചനയുണ്ട്. റിപ്പോർട്ടർ എന്നതാണ് ശരി. രണ്ടു പ്രബന്ധങ്ങളും ഞാൻ ശ്രദ്ധിച്ചുകേട്ടു. സാമാജികരുടെ അവസരംവന്നപ്പോൾ പലരും സംസാരിച്ചു. ഒടുവിൽ ഞാനും സംസാരിച്ചു. എനിക്ക് അന്നു അതൊരു പുതിയ വിഷയമായിരുന്നു. കൂടുതൽ ചിന്തിക്കാനോ പഠിക്കാനോ അവസരം ലഭിച്ചിരുന്നില്ല. എകിലും ഒരു സാക്ഷിയുള്ള ഹദീസുകൾ അസ്വീകാര്യമാണെന്ന വാദം സ്ഥിരപ്പെടുത്തുന്നവർ ഇസ്‌ലാം ദീനിൻെറ ശത്രുക്കളാണെന്ന് ഞാൻ പറഞ്ഞു. എൻെറ സ്നേഹിതൻമാരിൽ പലർക്കും എൻെറ അഭിപ്രായം അല്പം തീവ്രമായിപോയി എന്ന് ആശങ്കയുണ്ടായി. പലരും എന്നോട് നേരിൽ അത് പ്രകടിപ്പിച്ചു.

അന്നു ഞാൻ പ്രകടിപ്പിച്ച 'തീവ്ര'മായ അഭിപ്രായത്തിനു പിന്നീടുള്ള പഠനം കൂടുതൽ ദൃഢത ഉണ്ടാക്കുകയാണ് ചെയ്തത്. ഞാൻ നോട്ടീസ് മുഖേനെ അത് പ്രചരിപ്പിച്ചു. സൽസബീൽ മാസികയിൽ എഴുതി.

അതിൻെറ ചുരുക്കം: രണ്ടുസാക്ഷി ഉണ്ടെങ്കിലേ ഹദീസ് സ്വീകരിക്കാൻ പറ്റുകയുള്ളൂ എന്നു വാദിക്കുന്നവൻ ഇസ്‌ലാമിൻെറ ശത്രുവാകുന്നു. ഇസ്‌ലാമിനെ തകർക്കാൻ കണ്ടുപിടിച്ച ഒരു പുതിയ മാർഗമാണിത്.

മതത്തിൽ ആവശ്യമുള്ള ഒരുപാട് വിഷയങ്ങൾ ഭാര്യമാർ മുഖേനെ നബി(സ) സമുദായത്തെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു നബി(സ)യെക്കൊണ്ടു കൂടുതൽ വിവാഹം ചെയ്യിപ്പിച്ചതിൻെറ ഒരു കാരണം ഇതാണ്. നബിയിൽ നിന്നും ഭാര്യ വല്ലതും കണ്ടോ കേട്ടോ പഠിക്കുന്നേടത്ത് രണ്ടാമതൊരാൾ ഉണ്ടാകുകയില്ലല്ലോ. അപ്പോൾ ഈ ഇനത്തിൽ പെട്ടതെല്ലാം ഒന്നായി തള്ളപ്പെടുന്ന അവസ്ഥയാണുണ്ടാകുക. അങ്ങിനെ തള്ളപ്പെടണമെന്നു തന്നെയാണ് ചേകനൂരിൻെറ ഉദ്ദേശ്യം. ദുരൂഹരമായ കുശാഗ്രബുദ്ധി!

നബി(സ)യുടെ വിയോഗത്തിനുശേഷം, സഹാബികൾക്ക് ഏതെങ്കിലുമൊരു വിഷയത്തിൽ തീരുമാനമെടുക്കാൻ ബുദ്ധിമുട്ട് നേരിട്ടാൽ അവർ യോജിച്ച് കൈക്കൊണ്ടിരുന്ന ഒരു നടപടിയുണ്ട്. അതിൽ ആരും വിയോജിപ്പ് പ്രകടിപ്പിച്ചതായി രേഖപ്പെട്ടിട്ടില്ല. നബി (സ)യുടെ ഭാര്യമാരിൽ ആരോടെങ്കിലും 'ഈ വിഷയ സംബന്ധമായി അല്ലാഹുവിൻെറ പ്രവാചകൻ പറഞ്ഞതോ പ്രവർത്തിച്ചതോ എന്തെങ്കിലും വിവരം നിങ്ങളുടെയടുക്കൽ ഉണ്ടോ' എന്ന് ചോദിക്കും. 'ഇന്നത് പോലെയുണ്ട്' എന്ന് മറുപടി കിട്ടിയാൽ പ്രശ്നം തീർന്നു. പിന്നീട് അന്വേഷണമില്ല. നബി(സ) പത്നിമാർക്ക് 'സത്യവിശ്വാസികളുടെ മാതാക്കൾ' എന്ന് പടച്ചവൻ നൽകിയ വിശിഷ്ടമായ പദവി അന്വർത്ഥമാക്കപ്പെട്ടു. സഹാബികൾ കൂട്ടായി യോജിച്ച് കൈക്കൊണ്ട ഈ മാർഗം ശരിയല്ലെന്നും അവർക്ക് തെറ്റിപ്പോയതാണെന്നും ദ്യോതിപ്പിക്കുന്നതാണു ചേകനൂരിൻെറ സിദ്ധാന്തം.

മതരംഗത്ത് സഹാബികളെപോലെ സൂക്ഷ്മത പാലിച്ച മറ്റൊരു സമൂഹം വേറെയില്ല. അവരുടെ യോജിപ്പ് ഏറ്റവും പ്രമാണപ്പെട്ട രേഖയാണ്. അത് തള്ളിയാൽ മതം തകർന്നു. ഒരു വിധ്വംസകനെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിനെതിരിൽ ഉപയോഗിക്കാവുന്ന ഏറ്റവും തന്ത്രപൂർവ്വമായ ആയുധമാണ് ചേകനൂർ ഉയർത്തിയിരിക്കുന്നത്. അബൂജഹലിൻെറ വാളിനേക്കാൾ ദ്രോഹകരമാണ് ചേകനൂരിൻെറ പേന. ആദ്യത്തേത് പ്രത്യക്ഷ്യവും പ്രഖ്യാപിതവുമായ ശത്രുവാണ്. രണ്ടാമത്തേത് ഗുണകാംക്ഷിയുടെ തലപ്പാവ് ധരിച്ചുനിൽക്കുന്നു. ഈ തലപ്പാവിനുള്ളിൽ വിഷം ചീറ്റുന്ന മൂർഖൻ ഒളിഞ്ഞിരിക്കുന്നുണ്ട്.

'ഇസ്‌ലാം ശരിയല്ല' എന്ന് ആക്രോശിച്ചുകൊണ്ട് പെട്ടന്ന് രംഗത്ത് വന്നാൽ അതിനെതിരിൽ ശബ്ദമുയർത്താൻ ബുദ്ധിയും ചിന്തയുമുള്ള ഹിന്ദുക്കൾ പോലുമുണ്ടാകും. അതുകൊണ്ട് നേർക്കുനേരെ പ്രവേശിക്കാതെ വളഞ്ഞവഴി കണ്ടുപിടിച്ചെന്നുമാത്രം.

നബി(സ) മദീനയിലേക്ക് ഹിജ്റ പോയതിന് ശേഷം 16 മാസങ്ങൾ നമസ്കാരത്തിന് ഖിബ്‌ല ബൈത്തുൽ മുഖദ്ദിസായിരുന്നു. ഇത് മദീനയുടെ വടക്ക് ഭാഗത്താണ്. ശേഷം ഒരു ദിവസം അസ്ർ നമസ്കാരം രണ്ട് റക്അത്ത് കഴിഞ്ഞപ്പോൾ കഅ്ബയെ ഖിബ്‌ലയാക്കാൻ വഹ്‌യ് ഇറങ്ങി. കഅ്ബ മദീനയുടെ തെക്കാണ്. ഉടനെ നബി(സ) കഅ്ബയിലേക്ക് തിരിഞ്ഞു. ഈ ജമാഅത്തിൽ പങ്കെടുത്ത ഒരാൾ മസ്ജിദു ഖുബായുടെ ഭാഗത്ത് ചെന്നപ്പോൾ അവിടെ പഴയരീതിയിൽ നമസ്കാരം നടക്കുകയായിരുന്നു. അദ്ദേഹം വിളിച്ചുപറഞ്ഞു, ഞാൻ റസൂൽ(സ)യോടൊപ്പം ജമാഅത്തിൽ പങ്കെടുത്തിട്ടാണ് വരുന്നത്. അവിടെ ഇന്നതുപോലെ സംഭവമുണ്ടായി. ഇത് കേട്ട് അപ്പോൾ തന്നെ നമസ്കരിക്കുന്നവർ കഅ്ബയുടെ നേരെ തിരിഞ്ഞു നമസ്കാരം പൂർത്തിയാക്കി. സഹാബികളുടെ സംഘം ഈ ചെയ്തത് ശരിയല്ലന്നാണല്ലോ ചേകനൂർ ഇപ്പോൾ വാദിക്കുന്നത്. ഈ ആളാണത്രെ ഇപ്പോൾ ചില വി.ഐ.പികൾക്ക് ഇസ്‌ലാമിൻെറ രക്ഷകനായി മാറിയിരിക്കുന്നത്. അവർ ബുദ്ധി ഉപയോഗിക്കുന്നില്ലല്ലോ.

ഉമർ(റ)ൻെറ ഭരണകാലം. അദ്ദേഹമൊരിക്കൽ ശാമിലേക്ക് (സിറിയ) പുറപ്പെട്ടു. അടുത്തെത്തിയപ്പോൾ അവിടെ ശക്തിയായ പ്ലേഗ് ബാധയുണ്ടെന്ന് അറിവായി. ഈ സ്ഥിതിയിൽ അങ്ങോട്ട് പോകാൻ പാടില്ലെന്ന് ചിലർ അഭിപ്രായപ്പെട്ടു. ചിലർ അതിനെ എതിർത്തു. അങ്ങനെ ആലോചനായോഗം കൂടി. ഒരു തീരുമാനവുമാകുന്നില്ല. അപ്പോൾ അബ്ദുർറഹ്മാനിബ്നു ഔഫ്(റ) വന്നു. അദ്ദേഹത്തോട് ചോദിച്ചു.

അദ്ദേഹം ഇപ്രകാരം പറഞ്ഞു നബി(സ) ഇങ്ങിനെ പറഞ്ഞിരിക്കുന്നു, "ഒരു സ്ഥലത്ത് പ്ലേഗുണ്ടായാൽ നിങ്ങൾ അവിടേക്ക് യാത്ര തിരിക്കരുത്. നിങ്ങൾ താമസിക്കുന്ന പ്രദേശത്തു അതുണ്ടായാൽ പേടിച്ചു സ്ഥലം വിടുകയുമരുത്."

ഈ വിവരം അറിഞ്ഞതോടെ പ്രശ്നം അവസാനിച്ചു. ഉമർ(റ) മുന്നോട്ടുള്ള യാത്ര ഉപേക്ഷിച്ചു. ഒരു വ്യക്തിയുടെ റിപ്പോർട്ടാണല്ലോ ഇവിടെ സ്വീകരിച്ചത്. ഇത് സ്വീകാര്യമല്ലെന്നാണ് ചേകനൂർ ഇപ്പോൾ പറയുന്നത്. ഇത് പോലെ ഒട്ടേറെ സംഭവങ്ങൾ!

ഇവ്വിഷയകമായി സൽസബീലിൽ മുമ്പ് എഴുതി. അതിനു മറുപടിയെന്നോണം ചേകനൂർ തൻെറ 'നിരീക്ഷണം' മാസികയിൽ വളരെ മോശമായ നിലയിൽ എന്നെ പരിഹസിച്ചുകൊണ്ട് എഴുതി, ഉമർ മൗലവിക്ക് മുഹമ്മദ് നബിയുടെ മണിയറ രഹസ്യങ്ങൾ തിരക്കി നടക്കലാണു ജോലി, ഈ വിധം കുറെ തെറികൾ എഴുതിവിട്ടു.

മണിയറ രഹസ്യങ്ങൾ ചോർത്തൽ അധോലോക നീചൻമാരുടെ ജോലിയാണ്. മാന്യൻമാർ അത് ചെയ്യാറില്ല. എൻെറ ന്യായവാദത്തെ ഈ വിധം സംസ്കാരശൂന്യമായി പ്രതികരിച്ച ഒരു വഷളനെ ഇസ്‌ലാമിൻെറ രക്ഷകനായി തലയിലേറ്റി നടക്കുന്ന 'ബുദ്ധിജീവി'കളുടെ നിലവാരത്തെ ഓർത്ത് ഞാൻ ദുഃഖിക്കുന്നു.

ഇങ്ങനെ പറഞ്ഞത് കടുപ്പമാണെന്ന് ചില സുഹൃത്തുക്കൾ അഭിപ്രായപ്പെടുന്നു. ആ അഭിപ്രായത്തെ മാനിച്ചുകൊണ്ടു ഞാൻ പറയട്ടെ:

മൂർഖൻ പാമ്പിനെ അടിക്കുമ്പോൾ അതിൻെറ മുറയ്ക്ക് അടിക്കണം. ചേരയെ തല്ലുന്നതുപോലെ ആയാൽ പോരാ. ഇസ്ലാമിനെ തകർക്കാൻ ഒരു വളഞ്ഞ മാർഗവുമായി ഇറങ്ങിതിരിച്ച ഒരു വിഷപ്പാമ്പാണിത്. പക്ഷെ, എത്രയോ ഉഗ്രസർപ്പങ്ങളുടെ അസ്ഥി കൂടങ്ങൾ ദ്രവിച്ചുകിടക്കുന്നു, ചരിത്രത്തിൻെറ ഖബർസ്ഥാനിൽ! ഇസ്ലാം ജീവിക്കുന്നു; സജീവമായി. അറിഞ്ഞുകൊള്ളുക!

രണ്ടു സാക്ഷിവാദത്തിൽ തുടങ്ങിയ ചേകനൂർ ശാസ്ത്രം പിന്നീട് ഒന്നൊന്നായി പല ദൃഷ്ടാന്തങ്ങളിലൂടെ ഇസ്ലാമിനോടുള്ള ശത്രുത വ്യക്തമാക്കുകയുണ്ടായി. നാടിൻെറ പലഭാഗങ്ങളിൽ നിന്നായി ചേകനൂരുമായി വാദപ്രദിവാദത്തിനു ക്ഷണിച്ചുകൊണ്ട് എനിക്ക് കത്തുകൾ വന്നു. എല്ലാ കത്തിലും കമ്മിറ്റി അംഗങ്ങൾ ഒന്നുതന്നെ. കൺവീനർ മാത്രം മാറിക്കൊണ്ടിരിക്കുന്നു. ചേകനൂരിൻെറ വാദങ്ങൾ പോലെ.

വാദപ്രതിവാദത്തിന് ഞാൻ ഒരുക്കമില്ല, അതിൽ ജയിക്കുക വാക് സാമർത്ഥ്യപ്രകടനത്തിലൂടെയായിരിക്കും. സത്യം പലപ്പൊഴും വിജയിച്ചുകൊള്ളണമെന്നില്ല. ലക്കും ലഗാനും, മര്യാദയും സംസ്കാരവും, നിതിബോധവും സൂക്ഷ്മതയുമില്ലാത്ത ചേകനൂരിനെ പോലുള്ളവർക്ക് വിജയം അഭിനയിക്കാൻ പ്രയാസമില്ല. ഞാൻ മുഖേന സത്യത്തിനു ക്ഷീണം തട്ടിയെന്ന് വരുന്നതിനെ ഞാൻ ഭയപ്പെടുന്നു.

എന്നാൽ ഒരു കാര്യം ചെയ്യാം. അദ്ദേഹത്തിൻെറ വാദം തെളിയിച്ചുകൊണ്ട് അദ്ദേഹം പ്രസംഗിക്കട്ടെ. എൻെറ വാദം തെളിയിച്ചുകൊണ്ട് ഞാനും സംസാരിക്കാം. ആളുകൾ രണ്ടു ഭാഗവും കേട്ട് സ്വതന്ത്രമായി ചിന്തിച്ച് ഇഷ്ടമുള്ളത് സ്വീകരിക്കട്ടെ. ഇതവർക്ക് സ്വീകാര്യമാണോ? എകിൽ ആലോചിക്കാം. വിവരം അറിയിക്കട്ടെ.

ഏറ്റവും പ്രധാനമായി ഞാൻ പറയാൻ ആഗ്രഹിക്കുന്ന വിഷയം; അത് പറഞ്ഞുതീർന്നാൽ മിക്കവിഷയങ്ങളും അവസാനിക്കും. മർമ്മ പ്രധാനമാണത്.

ഖുർആനിൽ അല്ലാഹു കല്പിച്ചിട്ടുള്ള കർമ്മങ്ങളുടെ വിശദവിവരം നമുക്ക് പറഞ്ഞുതരുന്ന ഗുരുനാഥനും മാതൃക കാണിച്ചു തരുന്ന നേതാവുമായി മുഹമ്മദ് നബി (സ)യെ അംഗീകരിക്കണമോ വേണ്ടയോ? ഒരു ഉദാഹരണം:

'സ്വലാത്ത് നിങ്ങൾ നിലനിർത്തുക' എന്ന് ഖുർആനിൽ ഉണ്ടല്ലോ സ്വലാത്ത് എന്ന പദത്തിന് അർത്ഥം പ്രാർത്ഥന എന്നാണ്. പ്രാർത്ഥന നിലനിർത്തുക എന്നുവെച്ചാൽ നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക എന്നു സാരം. നാം ഈ കൽപന അനുസരിക്കേണ്ടതെങ്ങിനെ! അതിൻെറ രൂപഭാവങ്ങൾ ആരു പറഞ്ഞു തരും? ആരു പറഞ്ഞുതരുന്നതാണ് നാം സ്വീകരിക്കേണ്ടത്?

ഇതുപോലെ, 'സ്വലാത്ത് മുഅ്മിനുകൾക്ക് സമയം നിർണ്ണയിക്കപ്പെട്ട നിർബന്ധകർമ്മമാകുന്നു' എന്നും ഖുർആനിൽ പറയുന്നുണ്ട്. ഈ സമയം ഏതൊക്കെയാണെന്നും ഓരോന്നും ഏതു മുതൽ ഏതു വരെയെന്നും ആരു പറഞ്ഞു തരും? ആരുടെ വിശദീകരണമാണു നാം സ്വീകരിക്കേണ്ടത്?

ഈ ചോദ്യങ്ങൾക്ക് നമ്മുടെ നാട്ടിൽ രണ്ടു മറുപടികൾ ഉണ്ട്. ഒന്ന്; രണ്ടാം ശഹാദത്ത് കലിമയിൽ വിശ്വസിക്കുന്നവരുടേതാണ്. മേൽ കല്പനകൾ അല്ലാഹുവിൽ നിന്ന് ഏറ്റുവാങ്ങി നമുക്കെത്തിച്ചു തന്നയാൾ തന്നെയാണ് വിശദീകരണം നമുക്ക് നൽകേണ്ടത്. അതാണു നാം സ്വീകരിക്കേണ്ടതും. ഈ സ്ഥാനം മറ്റാർക്കും വകവെച്ചു കൊടുക്കാൻ പാടില്ല. അങ്ങിനെചെയ്താൽ നാം ശഹാദത്ത് കലിമയെ തള്ളിക്കളഞ്ഞവരാകും.

രണ്ടാമത്തെ മറുപടി; ഖുർആൻെറ വാഹകനും പ്രബോധകനുമായ മുഹമ്മദ് നബിയുടെ വിശദീകരണം തന്നെയാണു നാം സ്വീകരിക്കേണ്ടതെങ്കിലും അതിൻെറ ശരിയായ രൂപം നമുക്ക് ലഭ്യമല്ല. കാരണം, അത് രേഖപ്പെടുത്തിയ പ്രധാന ഗ്രന്ഥങ്ങൾ ബുഖാരിയും മുസ്ലിമും ആണല്ലോ. അതുരണ്ടും യഹൂദി ഏജൻറുമാർ കൈകടത്തി അലങ്കോലപ്പെടുത്തിക്കളഞ്ഞു. ഈ യാഥാർത്ഥ്യം കണ്ടുപിടിച്ചത് ചേകനൂരാണ്. അതിനാൽ അദ്ദേഹത്തിൻെറ വിശദീകരണമാണ് സ്വീകരിക്കേണ്ടത്, യഥാർത്ഥ മുസ്ലിമാകാൻ.

ശഹാദത്ത് കലിമ നിഷേധിക്കുന്നവരുടെ മറുപടിയാണിത്. ഇവർ അശ്ഹദു എന്നു പറയുന്നത് സത്യമല്ല. "ഉൻകിറു" എന്നാണിവർ പറയേണ്ടത്. അല്ലെങ്കിൽ ഇവരുടെ അശ്ഹദു എന്നതിന് വിപരീതാർത്ഥം വെക്കേണ്ടിവരും.

സഹോദരങ്ങളെ, ചേകനൂർ അതിനു പറ്റുകയില്ല. അദ്ദേഹം ഇസ്ലാമിൻെറ ശത്രുവാകുന്നു.

പിശാച് പ്രത്യക്ഷ ശത്രുവാണല്ലോ. ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും. അല്ലാഹു പിശാചുക്കളുടെ തെളിഞ്ഞതും ഒളിഞ്ഞതുമായ ഉപദ്രവങ്ങളിൽ നിന്നു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ –ആമീൻ.